REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 21-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- നാല് ദിവസത്തെ കേരള സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് തിരുവനന്തപുരത്തെത്തും. രാഷ്ട്രപതിയുടെ ശബരിമല ദർശനം നാളെ.
- കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഇന്ത്യയുടെ രാജ്യരക്ഷാ ഉൽപന്ന നിർമ്മാണം മൂന്നിരട്ടി വർദ്ധിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- കോഴിക്കോട് കല്ലുത്താൻ കടവിൽ നിർമ്മിച്ച അത്യാധുനിക വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് മാർക്കറ്റ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.
- സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്ത മഴയ്ക്ക് സാധ്യത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.
- 67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് ഇന്നു തിരുവനന്തപുരത്ത് തുടക്കമാകും.

## വാർത്തകൾ വിശദമായി

**നാല് ദിവസത്തെ കേരള സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് തിരുവനന്തപുരത്തെത്തും. വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും. തുടർന്ന് രാജ്ഭവനിലേക്ക് പോകുന്ന രാഷ്ട്രപതി, നാളെ ഉച്ചയോടെ ശബരിമലയിലെത്തി ക്ഷേത്രദർശനം നടത്തും. നിലയ്ക്കൽ ഹെലിപാഡിൽ ഇറങ്ങുന്ന രാഷ്ട്രപതി, റോഡു മാർഗം പമ്പയിലെത്തും.**

ഗണപതി ക്ഷേത്രത്തിൽ ഇരുമുടി കെട്ട് നിറച്ചശേഷം ദ്രൗപതി മുർമു പ്രത്യേക വാഹനത്തിൽ സ്വാമി അയ്യപ്പൻ റോഡിലൂടെ സന്നിധാനത്തേക്ക് പോകും.

സന്ദർശനത്തിന്റെ കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).....

ദർശനത്തിനു ശേഷം നിലയ്ക്കലിൽ നിന്ന് ഹെലികോപ്ടറിൽ തിരികെ തിരുവനന്തപുരത്തെത്തുന്ന രാഷ്ട്രപതി, വൈകിട്ട് ഗവർണർ ഒരുക്കുന്ന അത്താഴവിരുന്നിൽ പങ്കെടുക്കും.

മറ്റന്നാൾ രാവിലെ പത്തരയ്ക്ക് രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർദ്ധകായ പ്രതിമ ദ്രൗപതി മുർമു അനാച്ഛാദനം ചെയ്യും. തുടർന്ന് ഉച്ചയ്ക്ക് വർക്കലയിലെ ശിവഗിരി മഠത്തിൽ ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. വൈകിട്ട് പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിലും ദ്രൗപതി മുർമു പങ്കെടുക്കും. പിന്നീട് കുമരകത്തേക്ക് പോകുന്ന രാഷ്ട്രപതി റിസോർട്ടിൽ വിശ്രമിക്കും.

വെള്ളിയാഴ്ച ഉച്ചയ്ക്ക് എറണാകുളം സെന്റ് തെരേസാസ് കോളജിന്റെ ശതാബ്ദി ആഘോഷത്തിലും രാഷ്ട്രപതി പങ്കെടുക്കും. വൈകിട്ട് നാലേ കാലോടെ നെടുമ്പാശ്ശേരിയിൽ നിന്ന് അവർ ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ശബരിമലയിൽ ഇന്നും, നാളെയും നിയന്ത്രണമേർപ്പെടുത്തി. നാളെ ഭക്തർക്ക് വെർച്വൽ ക്യൂ പ്രകാരം ദർശനം ഉണ്ടായിരിക്കില്ല. ഇന്ന് 12,500 പേർക്ക് മാത്രമാണ് ദർശനത്തിന് അനുമതി നൽകിയിരിക്കുന്നത്. ഉച്ചകഴിഞ്ഞ് സന്നിധാനത്ത് നിന്ന് ഭക്തർ മലയിറങ്ങണം.

ഇന്ന് തിരുവനന്തപുരം നഗരത്തിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി എട്ട് വരെയാണ് ഗതാഗത നിയന്ത്രണം. നാളെ രാവിലെ ആറു മുതൽ രാത്രി പത്തു വരെയും, മറ്റന്നാൾ രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12.30 വരെയും, നിയന്ത്രണം ഉണ്ടായിരിക്കും.. പ്രധാന റോഡുകളിലും, ഇടറോഡുകളിലും വാഹന പാർക്കിംഗ് അനുവദിക്കില്ല.

✪✪✪

കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഇന്ത്യയുടെ രാജ്യരക്ഷാ ഉൽപന്ന നിർമ്മാണം മൂന്നിരട്ടി വർദ്ധിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഒന്നര ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ നിർമ്മിച്ചു. 2014 മുതൽ, ഇന്ത്യ തദ്ദേശീയമായി 40-ലേറെ യുദ്ധക്കപ്പലുകളും, അന്തർവാഹിനികളും നിർമ്മിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

ശരാശരി 40 ദിവസത്തിലൊരിക്കൽ നാവികസേനയിൽ ഓരോ പുതിയ യുദ്ധക്കപ്പലോ, അന്തർവാഹിനിയോ ചേർക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഗോവ-കാർവാർ തീരത്ത്, INS വിക്രാന്തിൽ സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിക്കുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

പ്രധാനമന്ത്രി സെപ്റ്റംബർ 22 ന് പ്രഖ്യാപിച്ച GST ബചത് ഉത്സവ് സമൂഹത്തിൽ എല്ലാ വിഭാഗങ്ങൾക്കും ഗുണപ്രദമായി മാറിക്കഴിഞ്ഞു. സാധാരണക്കാർക്ക് എല്ലാ സമയത്തും ആവശ്യമായ സ്റ്റേഷനറി സാധനങ്ങളുടെ GST നിരക്ക് കുറഞ്ഞത് വിദ്യാർത്ഥികൾക്കും, മറ്റ് വിഭാഗങ്ങൾക്കും വലിയ ആശ്വാസമാണ് നൽകുന്നത്.

റിപ്പോർട്ട്

.....(വോയ്സ്)...

പുതിയ GST ഘടനയിൽ പെൻസിൽ, ക്രയോൺസ്, എക്സർസൈസ് - ഗ്രാഫ് ബുക്കുകൾ, ഭൂപടങ്ങൾ, ചാർട്ടുകൾ, എന്നിവയെ പൂർണമായി നികുതിമുക്തമാക്കി. നേരത്തെ 12 ശതമാനമായിരുന്നു ഇവയുടെ GST നിരക്ക്. അഞ്ച് ശതമാനം GST ഈടാക്കിയിരുന്ന മായിക്കുന്ന റബറിനെയും നികുതിയിൽ നിന്ന് ഒഴിവാക്കി. വിദ്യാർത്ഥികളുടെ പഠനചെലവ് കാര്യമായി കുറയ്ക്കാൻ ഈ നടപടി സഹായിച്ചു. പഠനോപകരണങ്ങൾക്ക് വില കുറഞ്ഞത് രക്ഷിതാക്കൾക്ക് അനുഗ്രഹമായി മാറിയിട്ടുമുണ്ട്.

✪✪✪

കോഴിക്കോട് കല്ലുത്താൻ കടവിൽ അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച 'ന്യൂ പാളയം വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് മാർക്കറ്റ്' രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. സമുച്ചയത്തിലെ മൾട്ടി ലെവൽ മാർക്കറ്റ് മന്ത്രി MB രാജേഷും ഉദ്ഘാടനം ചെയ്യും.

ഹോൾസെയിൽ ആൻഡ് ഓപ്പൺ മാർക്കറ്റ് മന്ത്രി PA മുഹമ്മദ് റിയാസ് ജനങ്ങൾക്ക് സമർപ്പിക്കും.

കല്ലുത്താൻ കടവിലെ അഞ്ചര ഏക്കർ സ്ഥലത്താണ് പുതിയ മാർക്കറ്റ് നിർമിച്ചത്. പൊതു- സ്വകാര്യ പങ്കാളിത്തത്തോടെ കോർപറേഷൻ നിർമ്മിച്ച മാർക്കറ്റ് സമുച്ചയത്തിൽ 310 പഴം - പച്ചക്കറി കടകൾക്ക് സൗകര്യമുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് മീഞ്ചന്ത - അരയിടത്തുപാലം ബൈപാസിൽ നിന്നു നേരിട്ടു വാഹനങ്ങൾക്ക് കയറാം. കെട്ടിടത്തിനു മുകളിൽ ഓട്ടോ, ഗുഡ്സ് വാഹനങ്ങൾക്ക് കയറാൻ മൂന്ന് റാംപുകളും നിർമ്മിച്ചിട്ടുണ്ട്.

രാമനാട്ടുകര നഗരസഭയുടെ പുതിയ കെട്ടിട സമുച്ചയവും മുഖ്യമന്ത്രി ഉച്ചയ്ക്ക് നാടിന് സമർപ്പിക്കും. കിഫ്ബി ഫണ്ടിൽ നിന്ന് 15 കോടി 44 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമിച്ചത്.

✪✪✪

വികസനത്തിൽ കേരളം വലിയ കുതിപ്പ് ഉണ്ടാക്കിയതായും, എല്ലാ മേഖലയിലും സംസ്ഥാനം മുന്നേറിയതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.. CPIM കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എതിർപ്പുകൾ നേരിട്ടാണ് എല്ലാകാലത്തും പാർട്ടി മുന്നേറിയതെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

യുവജന ക്ഷേമ വകുപ്പ് 'വിഷൻ 2031' ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യുവജന സെമിനാർ രാവിലെ കോഴിക്കോട് ജൂബിലിഹാളിൽ മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനായിരിക്കും. മന്ത്രി A.K ശശീന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുക്കും.

സുസ്ഥിര വികസനം, നവീകരണം- യുവാക്കളുടെ പങ്ക്, പുതിയ കാലം-തൊഴിൽ തുടങ്ങിയ വിഷയങ്ങൾ സെമിനാർ ചർച്ച ചെയ്യും. ചർച്ചകളിലെ ആശയങ്ങൾ ക്രോഡീകരിച്ച് മന്ത്രി സജി ചെറിയാൻ സമാപന ചടങ്ങിൽ സംസാരിക്കും.

✪✪✪

മൊസാംബിക്കിലെ ബെയ്റ തുറമുഖത്തെ കപ്പൽ അപകടത്തിൽ കാണാതായ നാല് പേരുടെയും മൃതദേഹങ്ങൾ കണ്ടെത്തി. കൊല്ലം തേവലക്കര സ്വദേശി ശ്രീരാഗ് രാധാകൃഷ്ണന്റെയും, മറ്റ് മൂന്ന്

പേരുടെയും ശരീരങ്ങൾ തിരിച്ചറിഞ്ഞു. 14 ഇന്ത്യക്കാരാണ് അപകടത്തിൽപ്പെട്ടത്. ആറു പേരെ രക്ഷപ്പെടുത്തി. നാലു പേർക്കായി തിരച്ചിൽ തുടരുകയാണ്.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർകോട് ഒഴികെ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

വെള്ളിയാഴ്ച വരെ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

കണ്ണൂർ ചെറുപുഴയിൽ ഇന്നലെ വൈകുന്നേരം മുതൽ പെയ്ത കനത്ത മഴയിൽ വലിയ നാശനഷ്ടം ഉണ്ടായി. പ്രാപ്പൊയിൽ, തിരുമേനി എന്നിവിടങ്ങളിൽ വീടുകളിൽ വെള്ളം കയറി. തോടുകളും പുഴകളും കരകവിഞ്ഞു

✪✪✪

67-ാമത് സംസ്ഥാന സ്ക്കൂൾ കായിക മേളയ്ക്ക് ഇന്നു തിരുവനന്തപുരത്ത് തുടക്കമാകും. കൗമാര കായിക മികവിന്റെ ഒരാഴ്ചത്തെ മേള, പുത്തൻ താരോദയങ്ങളുടെ നേർക്കാഴ്ചയ്ക്ക് സാക്ഷിയാകും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

..................(വോയ്സ് .)..................

✪✪✪

സംസ്ഥാന സ്കൂൾ കായിക മേളയിൽ മുഖ്യമന്ത്രിയുടെ പേരിൽ നൽകുന്ന സ്വർണ്ണക്കപ്പാണ് ഇത്തവണ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് സമ്മാനിക്കുന്നത്.

രാവിലെ പട്ടം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ എത്തിച്ചേരുന്ന സ്വർണ്ണക്കപ്പ് ഘോഷയാത്ര, അവിടെ നിന്നും ഉദ്ഘാടന വേദിയായ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലേക്ക് എത്തും.

കായിക മേളയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് മുതൽ 28 വരെ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്ക, ബംഗ്ലാദേശിനെ ഏഴ് റൺസിന് തോൽപ്പിച്ചു. നവിമുംബൈയിൽ ടോസ് നേടി ബാറ്റിംഗ് ആരംഭിച്ച ശ്രീലങ്ക, 48.4 ഓവറിൽ 202 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ബംഗ്ലാദേശ് 45.1 ഓവറിൽ ഒൻപത് വിക്കറ്റിന് 195 റൺസെടുത്ത് പുറത്തായി. വിജയത്തോടെ ശ്രീലങ്ക സെമിഫൈനൽ സാധ്യത സജീവമാക്കി. ബംഗ്ലാദേശ് ടൂർണമെന്റിൽ നിന്ന് പുറത്തായി.

ഇന്ന് പാകിസ്ഥാൻ, ദക്ഷിണാഫ്രിക്കയെ കൊളംബോയിൽ നേരിടും. വൈകിട്ട് മൂന്നിനാണ് മത്സരം.

സംസ്ഥാന സീനിയർ വനിതാ ഫുട്ബോളിൽ തിരുവനന്തപുരത്തെ കീഴടക്കി തൃശൂർ ജേതാക്കളായി. നിലമ്പൂർ മാനവേദൻ ഹയർ സെക്കൻഡറി സ്കൂളിലെ ഫൈനലിൽ മൂന്ന് ഗോളിനാണ് തൃശൂരിന്റെ വിജയം.

✪✪✪

ഇന്ന് 66-ാമത് പൊലീസ് സ്മൃതി ദിനം. ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ സിറ്റി പൊലീസിന്റെ "റൺ ഫോർ ദ ബ്രേവ്" പോലീസ് മൈതാനിയിൽ കണ്ണൂർ റേഞ്ച് DIG യതീഷ് ചന്ദ്ര ഫ്ലാഗ് ഓഫ് ചെയ്തു.

രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി വീരമൃത്യു വരിച്ച ധീരരെ സ്മരിച്ചു കൊണ്ടാണ് മിനി മാരത്തോൺ സംഘടിപ്പിക്കുന്നത്.

പൊലീസ് സ്മൃതി ദിനത്തോടനുബന്ധിച്ചു സംസ്ഥാനത്തെ എല്ലാ പൊലീസ് സബ്ഡിവിഷനുകളിലും രക്ത ദാന ക്യാമ്പുകൾ നടത്തുമെന്ന് പൊലീസ് അറിയിച്ചു.

✪✪✪

ശബരിമലയിൽ ഇന്ന് ചിത്തിര ആട്ടത്തിരുനാൾ പൂജകൾ നടത്തും. ഉച്ചയോടെ ബ്രഹ്മ കലശം അയ്യപ്പ വിഗ്രഹത്തിൽ അഭിഷേകം ചെയ്യും.

✪✪✪

നാടിന്റെ വികസനം ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചാണെന്നും, അതിന് കേന്ദ്രമെന്നോ സംസ്ഥാനമെന്നോ വ്യത്യാസമില്ലെന്നും മന്ത്രി P.A

മുഹമ്മദ് റിയാസ് പറഞ്ഞു. പൊലീസ് ലൈൻ- പൊൻമുണ്ടം ബൈപ്പാസ് അപ്രോച്ച് റോഡ് പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഗവൺമെന്റ് ഇനി ശ്രദ്ധയും ഊന്നലും നൽകുന്നത് കേരളത്തിലെ നഗരവൽക്കരണത്തിന്റെ കാര്യത്തിലാണെന്ന് മന്ത്രി MB രാജേഷ് കോഴിക്കോട്ട് പറഞ്ഞു. ബീച്ചിൽ വെന്റിങ് മാർക്കറ്റ് കം ഫുഡ് സ്ട്രീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾ ശരിയായി കൈകാര്യം ചെയ്യാനും, സാധ്യതകൾ ഉപയോഗിക്കാനും കഴിയണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

✪✪✪

കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രാദേശിക മാതൃക തീർത്ത് മൂടാടി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഹീറ്റ് ആക്ഷൻ പദ്ധതി വൈകീട്ട് മന്ത്രി MB രാജേഷ് പ്രകാശനം ചെയ്യും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയ കർമ പദ്ധതിയിൽ ഉടൻ ചെയ്യേണ്ട പ്രവർത്തനങ്ങളും, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

---

News Editor & News Reader: അനിൽചന്ദ്രൻ
NRTs: നിമിഷ ജി, പ്രവീൺ
DEO: ഷീബ